"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇലഞ്ഞി ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറി ശ്രീ..ജെ.ജസ്റ്റിൻ സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1989/2022/LSGD തീയതി,തിരുവനന്തപുരം, 17-08-2022

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 282/2022/LSGD തീയതി 08.02.2022
2. ശ്രീ. ജെ. ജെസ്റ്റിൻ 06.04.2022 ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
3. സർക്കാരിന്റെ 04.05.2022 ലെ ഇപിബി2/233/2015/തസ്വഭവ നമ്പർ കത്ത്
4. പഞ്ചായത്ത് ഡയറക്ടറുടെ 29.06.2022 ലെ PAN/4283/2020 - D2 (DP) നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ..ജെ.ജസ്റ്റിൻ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലി നോക്കിയിരുന്ന കാലയളവിൽ വ്യക്തിഗത പണപ്രഖ്യാപന രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ല, പഞ്ചായത്തിലെ പ്രധാനപ്പെട്ട രജിസ്റ്ററുകളായ ഡിമാൻഡ് രജിസ്റ്റർ, ബിൽഡിംഗ് രജിസ്റ്റർ, അസ്സസ്മെന്റ് രജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിക്കപ്പെട്ടിരുന്നില്ല, നിയമപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളിൽ സാക്ഷ്യപത്രങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല, M/s Edayan Associates Pvt. Ltd, എന്ന പേരിലുള്ള ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ക്വാറി ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചുവരുന്നു തുടങ്ങിയ ഗുരുതരമായ വീഴ്ചകൾ നിലനിൽക്കുന്നതായി വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയതിനെ തുടർന്ന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും തുടർന്ന് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യാൻ തീരുമാനം കൈക്കൊണ്ട് ശ്രീ. ജസ്റ്റിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജിയിന്മേൽ പഞ്ചായത്ത് ഡയറക്ടറോട് പരാമർശം (3) പ്രകാരം വിശദമായ അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതും തുടർന്ന് പരാമർശം (4) പ്രകാരം

റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

ശ്രീ. ജസ്റ്റിൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ടിയാൻ മുൻപ് സമർപ്പിച്ച എതിർവാദ പത്രികയിലും, കാരണം കാണിക്കൽ നോട്ടിസിനുള്ള മറുപടിയിലും സമർപ്പിച്ചിട്ടുള്ള വസ്തുതകളും വാദങ്ങളും ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ കുറിക്കും പ്രകാരം അറിയിച്ചിട്ടുണ്ട്.

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ശ്രീ.ജസ്റ്റിനെതിരെ അപ്പീൽ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച മറുപടിയുടേയും ഔപചാരിക അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റേയും കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.ജസ്റ്റിൻ സമർപ്പിച്ച വിശദീകരണത്തിന്റെയും ടിയാനെ നേരിൽ കേട്ടപ്പോൾ ബോധിപ്പിച്ച വസ്തുതകളുടേയും വെളിച്ചത്തിൽ ടിയാനെതിരെ ഉന്നയിച്ച ആരോപണങ്ങൾ നിലനിൽക്കുന്നതാണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്ന് 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവുചെയ്യുന്നതിനുള്ള ശിക്ഷണ നടപടി സ്വീകരിച്ചിട്ടുള്ളത്. ആയതിനെതിരെ ടിയാൻ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയിൽ ടിയാൻ മുൻപ് ഉന്നയിച്ച വാദമുഖങ്ങൾ തന്നെയാണ് വീണ്ടും ഉന്നയിച്ചിട്ടുള്ളത്.

ഇലഞ്ഞി ഗ്രാമ പഞ്ചായത്തിൽ സംസ്ഥാന ആഡിറ്റ് വകുപ്പ് പരിശോധന നടത്തിയതിൽ, ടിയാന്റെ സേവനകാലയളവിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടായതായി പരാമർശിച്ചിട്ടില്ല എന്ന ശ്രീ ജസ്റ്റിന്റെ വാദം വസ്തുതാപരമായി ശരിയല്ല എന്ന് അറിയിച്ചിട്ടുണ്ട്. ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2022 ലെ A2-469/ 2022 നമ്പർ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ബാദ്ധ്യതാ സാക്ഷ്യപത്രം പ്രകാരം ടിയാനെതിരെ 35000 രൂപയുടെ ബാദ്ധ്യത (തൊഴിൽ നികുതി, മാർക്കറ്റ് ലേലം എന്നിവയുമായി ബന്ധപ്പെട്ട ബാദ്ധ്യത) ഉള്ളതായി അറിയിച്ചിട്ടുണ്ട് . എന്നാൽ, മേൽ വിഷയവുമായി ബന്ധപ്പെട്ട് ആഡിറ്റ് പരാമർശങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നത് വാസ്തവവും പരിഗണനാർഹവുമാണ് എന്ന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എങ്കിൽ പോലും <u>M/s ഇടയൻ അഗ്രിഗേറ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൻറെ 2012-13 വർഷത്തെ ഡി &ഒ ലൈസൻസ് ഫീസും തൊഴിൽ നികുതിയും 03.06.2013 തീയതിയിൽ അടച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന് ഒരു തരത്തിലും സാമ്പത്തിക നഷ്ടം</u>

ഉണ്ടായിട്ടില്ല എന്ന ടിയാന്റെ വാദം വസ്തുതാപരമായി ശരിയാണെങ്കിലും ടിയാന്റെ കാലയളവിന് ശേഷമുള്ള കാലയളവിലാണ് ടി തുക പിഴപലിശ സഹിതം ഈടാക്കിയതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വീണ്ടും അപ്പീൽ അപേക്ഷയിലെ വാദങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ ടിയാൻ ജോലിനോക്കിയിരുന്ന കാലയളവിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട് എന്ന വസ്തുത നിലനിൽക്കുന്നു. എങ്കിൽ പോലും ഇക്കാര്യത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി സംബന്ധിച്ച വിഷയത്തിൽ ആഡിറ്റ് പരാമർശങ്ങളൊന്നും ഉണ്ടായിട്ടില്ല എന്ന വസ്തുത പരിഗണിക്കേണ്ടതുണ്ട്. കൂടാതെ പഞ്ചായത്തിന് കിട്ടേണ്ട ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടച്ചിട്ടുള്ളതായും കാണുന്നു. മേൽ വസ്തുതകൾ കൂടി കണക്കിലെടുത്തും ഇക്കാര്യത്തിൽ ശ്രീ.ജസ്റ്റിൻ സമർപ്പിച്ച വാദമുഖങ്ങൾ അനുഭാവപൂർണ്ണമായി പരിഗണിച്ചും ശ്രീ. ജസ്റ്റിനെതിരെ കൈക്കൊണ്ട ശിക്ഷണ നടപടിയായ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യാൻ പരാമർശം (1) പ്രകാരം കൈക്കൊണ്ട തീരുമാനത്തിൽ ഇളവ് അനുവദിച്ച് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 2 വർഷവും 6 മാസവും (2 1/2 വർഷം) കുറവ് ചെയ്യാൻ തീരുമാനം കൈക്കൊണ്ടും അപ്രകാരം അപ്പീൽ അപേക്ഷ തീർപ്പാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ജെ. ജസ്റ്റിൻ, മുൻ സെക്രട്ടറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത്, (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/233 /2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 17-08-2022 17:39:27

സെക്ഷൻ ഓഫീസർ